**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5920 19.11.2019-ലെ മറുപടിയ്ക്ക്

## പതിനഞ്ച് വയസ്സിന് താഴെയുള്ള കുട്ടികൾക്ക് നീന്തൽ പരിശീലനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആർ.രാമചന്ദ്രൻ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് കുട്ടികളുടെ മുങ്ങിമരണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പതിനഞ്ച് വയസ്സിന് താഴെയുള്ള കുട്ടികളെ നീന്തൽ പഠിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കുമോ; | (എ) | ജലാശയ അപകടങ്ങളിൽപ്പെട്ട് ജീവൻ നഷ്ടപ്പെടുന്നതിന്റെ തോത് കുറയ്ക്കുന്നതിനായി 12 വയസ്സ് മുതൽ 18 വയസ്സുവരെയുള്ള കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് സ്പ്ലാഷ്. പരിശീലന സമയത്ത് നീന്തലിൽ പ്രതിഭ തെളിയിക്കുന്ന കുട്ടികളെ ദേശീയ/അന്തർദേശീയ തലത്തിലുള്ള കായിക താരങ്ങളാക്കുന്നതിന് വിഭാവനം ചെയ്ത് ഉയർന്ന നിലവാരത്തിലുള്ള നീന്തൽ പരിശീലനം നൽകുന്ന പദ്ധതിയാണിത്. ഇത് ആദ്യഘട്ടമെന്ന നിലയിൽ പാലക്കാട് (കൊപ്പം സ്വിമ്മിംഗ്പൂൾ പട്ടാമ്പി), ഇടുക്കി (വണ്ടമറ്റം സ്വിമ്മിംഗ് പൂൾ, തൊടുപുഴ), തൃശ്ശൂർ (ജെ.ജെ. അക്വാട്ടിക് സെന്റർ, കൊടുങ്ങല്ലൂർ), കാസർഗോഡ് (പനവയൽ സ്വിമ്മിംഗ് പൂൾ, തൃക്കരിപ്പൂർ), വയനാട് (സെന്റ് ജോസഫ് എച്ച്.എസ്.എസ്. സ്വിമ്മിംഗ് പൂൾ, സുൽത്താൻബത്തേരി എന്നിവിടങ്ങളിലാണ് നടപ്പിലാക്കുന്നത്<br><br>കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നീന്തൽ കായികയിനത്തിൽ സ്കൂൾ |

| | | | |
|---|---|---|---|
| | | | കുട്ടികൾക്ക് സമ്മർ ക്യാമ്പും ജില്ലാ സ്പോർട്സ് അക്കാഡമിയിലെ വിദ്യാർത്ഥികൾക്ക് വിദഗ്ധരായ പരിശീലകരുടെ കീഴിൽ നീന്തൽ പരിശീലനവും നൽകി വരുന്നുണ്ട്. വിദ്യാർത്ഥികളിൽ നീന്തൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നീന്തൽ പ്രാവീണ്യമുള്ള വിദ്യാർത്ഥികൾക്ക് കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ പരിശീലകർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പ്ലസ് വൺ, കോളേജ് അഡ്മിഷന് 2% ഇന്റക്സ് മാർക്ക് അതാത് ജില്ലാ സ്പോർട്സ് കൗൺസിലുകൾ മുഖേന അനുവദിച്ച് വരുന്നുണ്ട്.<br><br>കൂടാതെ ഒരു നിയമസഭാ മണ്ഡലത്തിൽ ഒരു നീന്തൽകുളം എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ നടപടികൾ വിദ്യാഭ്യാസ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. കരിക്കുലം പരിഷ്കരിക്കുമ്പോൾ നീന്തൽ പഠനം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം എസ്.സി.ഇ.ആർ.ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. |
| (ബി) | ഇതിനായി ഗ്രാമപഞ്ചായത്തുകളുടെ അധീനതയിലുള്ള നീന്തൽ കുളങ്ങൾ നവീകരിച്ച് നീന്തൽ പരിശീലന കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ; | | വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകി നീന്തൽ അറിയാവുന്ന ഒരു യുവതലമുറയെ വാർത്തെടുക്കുന്നതിനായി ഗ്രാമ പഞ്ചായത്തുകളിൽ നീന്തൽ പരിശീലനം എന്ന പദ്ധതി ഏറ്റെടുക്കുന്നതിന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഒരു ഗ്രാമപഞ്ചായത്തിൽ ഒരു നീന്തൽ കുളം നിർമ്മിക്കുന്നതിനായി തൊഴിലുറപ്പ് പദ്ധതി മുഖേനയോ, വാർഷിക പദ്ധതിയുടെ ഭാഗമായോ പദ്ധതി ഏറ്റെടുക്കുന്നതിനും വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി പരിശീലകരെ കണ്ടെത്തുന്നതിനും പരിശീലകർക്കാവശ്യമായ അലവൻസ്, കുട്ടികൾക്കുള്ള സിമ്മിംഗ് ഡ്രസ്, റിഫ്രഷമെന്റ് ഉൾപ്പെടെയുള്ള ചെലവുകൾ കണക്കാക്കി പദ്ധതി രൂപീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. ആയതിന്റെ നടപടിക്രമങ്ങൾ പുരോഗമിച്ച് വരുന്നു. |
| (സി) | സ്വകാര്യ നീന്തൽ കുളങ്ങളെ സുരക്ഷിതത്വ മാനദണ്ഡങ്ങൾ പാലിച്ച് നീന്തൽ പരിശീലന കേന്ദ്രങ്ങളായി മാററുവാനും അവയ്ക്ക് പ്രത്യേക ഗ്രാന്റ് നൽകുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | (സി) | പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**